# വേഗം

എം. പി. പ്രതീഷ്



വേഗം

എം. പി. പ്രതീഷ്
(മലയാളം: കവിത)

© 2025, M. P. Pratheesh

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Photograph by M. P. Pratheesh.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


| | | |
|---|---|---|
| 1 | വേഗം . . . . . . . . . . . . . . . . . | 4 |
| 2 | നേരം . . . . . . . . . . . . . . . . . | 5 |
| 3 | കൻമഴ . . . . . . . . . . . . . . . . | 6 |
| 4 | നിഗൂഢമായ ഒരു വാക്യം . . | 7 |
| 5 | ചിറ . . . . . . . . . . . . . . . . . . . | 8 |
| 6 | ദ്വാരങ്ങൾ . . . . . . . . . . . . . . | 9 |
| 7 | ഗ്രഹണനിഴൽ . . . . . . . . . . | 10 |
| 8 | തുടക്കം . . . . . . . . . . . . . . . . | 11 |
| 9 | തലതാഴ്ത്തി . . . . . . . . . . . . . | 12 |
| 10 | മറ്റെങ്ങോട്ടും . . . . . . . . . . . . | 13 |
| 11 | ജന്തുകോശം . . . . . . . . . . . . | 14 |
| 12 | സസ്യകോശം . . . . . . . . . . . | 15 |
| 13 | വാസന . . . . . . . . . . . . . . . . | 16 |
| 14 | നീണ്ട വാക്യങ്ങൾ . . . . . . . . | 17 |
| 15 | ഇലകൾക്കിടയിൽ . . . . . . . | 18 |
| 16 | മറുകരയിൽ . . . . . . . . . . . . . | 19 |
| 17 | ദാഹം . . . . . . . . . . . . . . . . . | 20 |
| 18 | ഭൂമി ഉദിക്കുന്നതിന് മുമ്പ് . . . | 21 |
| 19 | പക്ഷികൾ... . . . . . . . . . . . . | 22 |
| 20 | ലോകാവസാനം . . . . . . . . . | 23 |

## 1

# വേഗം

ഭൂമിയുടെ അതേ വേഗതയിലാണ്,
ഞാറക്കായ്കളുടെ നിറം
പച്ചയിൽനിന്നുമിരുൾനീലയിലേയ്ക്ക്.

ഞാറക്കായ്കളുടെ അതേ വേഗം,
ഭൂമിയുടെ പരിക്രമം,
ഇരുണ്ട നീലയായി സൂര്യനുനേർക്ക്.
നീലനിറത്തിന്റെ അതേ വേഗതയിലാണ്
പച്ചക്കായ്കൾ ചവർക്കുന്ന മധുരത്തിലേയ്ക്ക്.

ആകാശവലയത്തിന്റെ അങ്ങേച്ചെരിവിലൂടെ,
ഇരുണ്ട ഭൂമിയും ഇരുണ്ട ഞാറക്കായ്കളും
ചവർക്കുന്ന മധുരവും ഞെട്ടടർന്ന് വേഗത്തിൽ,

ഭാരത്തോടെ വീഴുന്നു
ഈ മണ്ണിൽ
അഗാധമായൊരു വിള്ളലുണ്ടാവുന്നു.

## 2

# നേരം

ഒരുപറ്റം കിളികൾ നാലുദശലക്ഷം
കൊല്ലമപ്പുറത്തുള്ള മരത്തിൽ
ചേക്കേറുന്നു,

ഒരു ശലഭപ്പുഴു, വരുംനാഴികയി
ലേക്കുറങ്ങിത്തുടങ്ങുന്നു,

ഒരണു, രണ്ടായ്പ്പിരിയുന്നതിന്റെ
കരച്ചിലീക്കടലിലിലലയുയർത്തുന്നു,

വാക്കുകളുടഞ്ഞുപൊടിയുന്നതും
നോക്കിനിൽക്കുമ്പോൾ
നേരമണഞ്ഞ്
സൂര്യചന്ദ്രൻമാർ മാഞ്ഞ്,

ഭൂമിയൊരു തണുത്ത കല്ലായിമാറുന്നത്
ഓർത്തുനിന്നു.

## 3

# കൻമഴ

കല്ലുകൾ കൂട്ടിയുരുമ്പോൾ
വെളുത്തപൊടി
താഴെ വീണുകൊണ്ടിരുന്നു

ആ ശബ്ദത്തിന് വിദൂരഗ്രഹങ്ങൾ
അനങ്ങാതെ
കാതോർത്തുനിന്നു

അവയുടെ നിശ്ചലതയുടെ നിഴൽ
ഈ കാടുകൾക്കുമീതെ
ജന്തുക്കൾ പാർക്കുന്ന മാളങ്ങൾക്കു മീതെ

## — 4 —

# നിഗൂഢമായ ഒരു വാക്യം

ഉറങ്ങുന്ന ഒരു പാറ്റ

ഉണക്കിലകൾക്കും അഴുകിയ
ചില്ലകൾക്കുമടിയിൽ പൊന്തിവരുന്ന
കൂണുകളുടെ മണം

രാത്രിയുടെ ഉള്ളിലേയ്ക്ക് ഒരു സർപ്പം

നിഗൂഢമായ ഒരു വാക്യം-
ഭൂമിയിൽ കണ്ടിട്ടില്ലാത്ത കിളികളുടെ
ഒരു പറ്റം ഈ കരയ്ക്കുമീതെയായ്
പറന്നുനീങ്ങുമ്പോൾ

# 5
## ചിറ

ഇവിടംവരെ വന്നിട്ട് മാനുകൾ മടങ്ങിപ്പോയി
വേനലിൽപ്പോലും വറ്റാതിരുന്ന ചിറ
ഞാൻ മായ്ച്ചുകളഞ്ഞു

## 6

# ദ്വാരങ്ങൾ

ഒഴിഞ്ഞ കിളിക്കൂടുകൾ ഭാരത്തോടെ
ഭൂമിയിൽവന്നുവീണു

ആകാശത്ത് ദ്വാരങ്ങൾ അവശേഷിക്കുന്നു

അതിലൂടെയിപ്പോൾ കുറേശ്ശെയായി
വെയിലും വരുന്നു

# 7

# ഗ്രഹണനിഴൽ

ഈ ശലഭമില്ലാതെയായാൽ
ആ ചെടിയെന്തുചെയ്യും?
അല്ലെങ്കിൽ ഈ നനഞ്ഞ കടലാസുകൾ?

# 8

# തുടക്കം

കല്ലിൽനിന്ന് മധുരവും പുളിപ്പുമുള്ള പഴങ്ങൾ
പുഴവിൽനിന്നും മരങ്ങൾ

ഒന്നിൽനിന്നാണ മറ്റൊന്ന്
ഇല്ലാത്തതിൽനിന്നും ഇല്ലാത്തവയുണ്ടായി

വാക്കിൽനിന്ന് ഭ്രൂമിയും
കലങ്ങിത്തെളിയുന്ന വെള്ളവും

ചിലന്തിനൂലുകളിൽനിന്നെന്താണുണ്ടായത്?
കഴുകിക്കെട്ടിയ മുറിവിൽ
നിന്നെന്താണുണ്ടായത്?

# 9

# തലതാഴ്ത്തി

കിളികളിൽനിന്ന് ശിഖരങ്ങൾ
വേർപെട്ടുപോവുന്നു

അനാഥമായ വൃക്ഷങ്ങൾ
കുന്നിൻചെരിവുകളിൽ
തലതാഴ്ത്തിക്കരഞ്ഞു

ഉപ്പുള്ള നീർത്തുള്ളികൾ ഭൂമിയിൽ
ചെറിയചെറിയ കുഴികളുണ്ടാക്കി

## 10

# മറ്റെങ്ങോട്ടും

മേഘപടലങ്ങൾ തിടുക്കത്തിൽ
ഇലകളിൽനിന്ന് പച്ച
ശലഭങ്ങളിലെ പകൽമിന്നൽ
എല്ലാം കടന്നുപോവുന്ന
ഈയിടം ഒഴിയുകയാണ്
ഒഴുക്കിനടിയിലെ കല്ലുകൾ പോലെ
ദുഃഖം മറ്റെങ്ങോട്ടും പോവാതെ
കൂടുതൽക്കൂടുതൽ മിനുസമാർന്ന്

# 11

# ജന്തുകോശം

ഒരു പാമ്പിഴഞ്ഞുപോകുന്നതുകണ്ടു
ശരീരമൊരു പാറ്റയ്ക്കുപിന്നാലെ പാഞ്ഞു
എന്റെ വിശപ്പ് അണയില്ല
തീയിൽ നിന്ന് തീയുണ്ടാകുന്നു
ആളിക്കത്തുന്നു
കല്ലുകെട്ടി വെള്ളത്തിനടിയിൽപ്പോയി
ഭൂമിയുടെ ഭാരമെത്രയെന്ന് എനിക്കറിയാം

## 12

# സസ്യകോശം

കാൽഭാഗം ഓർമകൊണ്ടും
മുക്കാൽഭാഗം തീകൊണ്ടും
നിന്റെ ശരീരം
നീ നീലനിറമായി
നീയിരുണ്ട രാത്രിയായി
വഴിയറ്റത്ത് ആസ്പത്രി മാഞ്ഞു്
ഒരു പഴയ മോർച്ചറി പ്രത്യക്ഷമായി
നിന്നെ അവിടെയിറക്കിവിട്ടു
പാടത്തെ വെള്ളം പതുക്കെ വറ്റി
കിളികൾ മറ്റൊരു ദിക്കിൽ പാർത്തു
മുരിങ്ങയിലകൾവീണ അടുക്കളമുറ്റത്തിന്റെ
കാൽഭാഗം മാത്രം ഞാൻ ഓർമ്മിച്ചു

# 13

## വാസന

ഈ സുഷിരങ്ങൾ

വരിയായി ഒട്ടിച്ചുവച്ച മുട്ടകൾ

ഉറങ്ങുന്ന പഞ്ഞിക്കുട്ട്

പുഴുവായിരിക്കാനുള്ള വാസന

ഈയിലകളിലെല്ലാമുണ്ട്

## 14

# നീണ്ട വാക്യങ്ങൾ

നീണ്ട വാക്യങ്ങൾ കൈകൾ
വേർപെടുത്തുന്നു

കടൽവെള്ളത്താൽ ചുറ്റപ്പെട്ട വാക്കുകൾ
ദ്വീപുകൾ പോലെ തണുത്തു

പേജുകൾക്കിടയിൽ ഒരു ശലഭച്ചിറകു വച്ചു

കഴുത്തൊപ്പം ഇരുട്ടിൽപ്പുതഞ്ഞ്
ഒരാൾ വായിക്കുന്നു

മരങ്ങളുടെ മുകൾഭാഗത്തു തീയാണ്
അതു പടരുകയാണ്

കിളികൾ—മരിച്ചവയും ജീവനുള്ളവയും—
ഇവിടെവന്നിരിക്കുന്നു

അവ വാക്കുകളൊന്നൊന്നായി

മായ്ച്ചുകൊണ്ടിരുന്നു

## 15

# ഇലകൾക്കിടയിൽ

ഇലകൾക്കിടയിൽ
പച്ചക്കായ്കൾ
നിശബ്ദത പോലെ
രഹസ്യങ്ങൾ
ഭൂമിയും കടന്ന്
പൂമ്പാറ്റകളുടെ നിഴൽ
താഴെവീഴുന്നു
രണ്ടായിപ്പിളർന്ന
കല്ലിനുള്ളിൽ
വേർപെട്ട
ചിറകുകൾ
വെള്ളത്തിനടിയിൽ
നീ പതുക്കെപ്പതുക്കെ
ഉണ്ടായിക്കൊണ്ടിരുന്നു

## 16

# മറുകരയിൽ

ഇടതുവശത്തെ കുടുക്കിന് എപ്പോഴും
വലതുവശത്തൊരു ദ്വാരം

ഈ കടലിന്റെ മറുകരയിൽ
എപ്പോഴും എന്റെ പകുതി

നൂലഴിഞ്ഞ്,
ശീലയിൽനിന്നു വിട്ടുപോയ സ്ഥലങ്ങൾ,
അങ്ങേച്ചെരിവിൽ അവയുടെ ദ്വാരങ്ങൾ

ദുഃഖത്താൽ പൊതിഞ്ഞ ചന്ദ്രൻ
ഇന്നുദിച്ചുകണ്ടു
അതിന്റെ നിഴൽ നീങ്ങുന്നതെങ്ങോണോ?

ഈ വരികളുടെ
ഇടതുപേജിൽ എല്ലാവരും വായിക്കുന്നു,
അതേ വാക്കുകൾ, പക്ഷേ,
മറ്റൊരു ഭാഷയിൽ

# 17

## ദാഹം

തേനീച്ചകൾ

രാത്രിയിലുറങ്ങാതെ

പൂക്കൾക്കരികിൽ

നേരംവെളുത്തോ?
രാവ് കഴിഞ്ഞോ?
ഒന്നു വിരിയുമോ വേഗം വേഗം?

തേനീച്ചകൾ

ദാഹത്തിന്റെ നൃത്തമായി

ഭൂമിയുടെ കറക്കത്തിനു കാതോർത്ത്[1]

പൂക്കൾക്കരികത്ത്

ഇരിക്കുന്നു

ദാഹം

പുഴുവിൽ നിന്ന് കിളിയിലേക്ക്

പാമ്പിൽ നിന്ന്
അരയാലിലയിലേക്ക്

ദേശാടനം ചെയ്യുന്ന

ബുദ്ധഭിക്ഷുക്കൾ

പൂക്കളിൽ നിന്ന്

ബുദ്ധൻ ഉറങ്ങുന്ന

ആറ്റ ചുവരുള്ള മുറിയിലേക്ക്

മധുരം കൊണ്ടു വയ്ക്കുന്നു

വെയിലത്ത്

തേനീച്ചകൾ

അറകളിൽ നിന്നുള്ള

വചനങ്ങൾ

പൂക്കൾക്കുള്ളിൽ

പാർന്നുകൊണ്ടിരുന്നു

---

1. യോക്കോ ഓനോ.

## 18

# ഭ്രൂമി ഉദിക്കുന്നതിന് മുമ്പ്

പുലർച്ചയിൽ, ഭ്രൂമി ഉദിക്കുന്നതിന് മുമ്പത്തെ
ഈ അരണ്ട വെളിച്ചത്തിൽ,
ഈ മരങ്ങൾക്കിടയിൽ,
ഞാൻ കാത്തുനിന്നു-
നിനക്ക് എന്നെ കാണാനാവില്ല.
നിനക്ക് എന്നെ തൊടാനാവില്ല.
ഞാൻ ഉണരുന്നതേയുള്ളൂ.
എങ്കിലും നീ തൊടാൻ കൈനീട്ടുന്നു,
എനിക്കുള്ളിൽത്തട്ടി നിന്റെ
കൈ നനയുന്നു, വിറയ്ക്കുന്നു-

# 19

# പക്ഷികൾ സംസാരിക്കുന്നതിൽ

പക്ഷികൾ സംസാരിക്കുന്നതിൽ
ഒരൽപമേ മനുഷ്യർക്ക് കേൾക്കാനാകൂ

മുട്ടയുടെ വിള്ളൽ
പാറുന്ന തൂവൽ
ഭാഷയാവാതെ
വീഴുന്ന ചുള്ളിക്കമ്പുകൾ

പല വാക്യങ്ങളിൽനിന്ന് അത്യപൂർവ്വമായി
ഒന്നോ രണ്ടോ
വാക്കുകൾ
കൂടിനുമേൽ-

മേഘങ്ങളുണ്ടാക്കുന്ന അല്പകാലനിഴൽ
വിശന്ന പാമ്പിന്നിഴച്ചിൽത്തരിപ്പ്—

## 20

# ലോകാവസാനം


ലോകാവസാനം കഴിഞ്ഞ്-
കാറ്റും തീയുമടങ്ങുന്ന
ഉച്ചയിൽ

ഒരു പുളിമരം
അതിന്നിലകൾ
താഴെവീഴ്ത്തിക്കൊണ്ടിരിക്കുന്നു

പിടിവിടാതെ, ഉയരക്കൊമ്പിലിരുന്ന്
മുത്തശ്ശി കാലാട്ടിക്കൊണ്ടിരിക്കുന്നു

□

## എം. പി. പ്രതീഷ്



കവി. ആവിയന്ത്രം, മീൻ പാത, കവിതയുടെ പുസ്തകം, മണ്ണും വെള്ളവും, സങ്കടപ്പുസ്തകം, പിറവെള്ളം, ദേശാടനങ്ങൾ തുടങ്ങി ഏഴ് കാവ്യസമാഹാരങ്ങൾ. ഇലകളും ചിറകുകളും, മുറിവുകളുടെയും ആനന്ദത്തിന്റെയും പുസ്തകം, വിത്തുമൂട, പാർപ്പിടങ്ങൾ എന്നിവ മറ്റു രചനകൾ.

## എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുക

ഈ കൃതി കൊള്ളാമെന്ന് തോന്നിയാൽ ചുവടെ ചേർത്തിട്ടുള്ള ക്യു ആർ കോഡ് വഴി വഴി ഗ്രന്ഥകർത്താവിന്റെ അക്കൗണ്ടിലേക്ക് പത്തു രൂപ മുതൽ എത്ര തുകയും നേരിട്ട് അയച്ചുകൊടുക്കാവുന്നതാണ്. ഇതിലൂടെ സ്വതന്ത്ര പ്രകാശനത്തിലേയ്ക്ക് കൂടുതൽ എഴുത്തുകാരെ ആകർഷിക്കുക. എഴുത്തുകാർക്ക് ഇടനിലക്കാരില്ലാതെ നേരിട്ട് സാമ്പത്തിക സഹായം നൽകി അറിവ് സ്വതന്ത്രമാക്കാൻ സഹായിക്കുക.

P Pratheesh mp

UPI ID: mppratheesh87-1@okhdfcbank

Scan to pay with any UPI app

### Download QR Code

കൂടുതൽ വിവരങ്ങൾ അടുത്ത താളിൽ (പിൻകുറിപ്പിൽ).


# പിൻകുറിപ്പ്

സായാഹ്ന എഴുത്തുകാർക്ക് പ്രതിഫലം നല്കുന്നുണ്ടോ എന്നത് പല വായനക്കാരും എഴുത്തുകാരും നിരന്തരം അന്വേഷിക്കുന്ന കാര്യമാണ്. ഇല്ല. ഒരു സ്വതന്ത്ര പ്രസാധന സംരംഭം എന്ന നിലയ്ക്ക് അതിനു കഴിയില്ല, അതു ശരിയുമല്ല എന്നാണ് സായാഹ്ന കരുതുന്നത്. എന്നാൽ, ഡിജിറ്റൽ കാലത്ത് നമുക്ക് മറ്റൊരു രീതി അവലംബിക്കാവുന്നതാണ്.


ഒരു കൃതി വായിച്ചുതീരുമ്പോൾ അതു കൊള്ളാമെന്നും ഇതെഴുതിയ ആൾക്ക് എന്തെങ്കിലും പ്രതിഫലം നല്കേണമെന്നും തോന്നിയാൽ അതേ കൃതിയിൽ കാണുന്ന ലിങ്ക് വഴി ഗ്രന്ഥകർത്താവിന്റെ അക്കൗണ്ടിലേക്ക് പത്തുരൂപ മുതൽ എത്ര തുകയും നേരിട്ട് അയച്ചുകൊടുക്കാവുന്നതാണ്.

പകർപ്പവകാശം കഴിഞ്ഞ കൃതികളെ സംബന്ധിച്ച് ഈ തുക സായാഹ്നയുടെ അക്കൗണ്ടിലേക്കായിരിക്കും എത്തുക. അത് കൂടുതൽ കൃതികളുടെ ഡിജിറ്റൈസേഷന് വേണ്ടിയായിരിക്കും ചെലവഴിക്കുക.

കൃതിയോടൊപ്പമുള്ള ക്യൂ. ആർ. കോഡ് സ്കാൻ ചെയ്താൽ ഗൂഗ്ൾ പേ, ഭീംആപ്, തുടങ്ങിയ യുപിഐ ആപ്പുകൾ വഴി ഇഷ്ടാനുസരണം ഗ്രന്ഥകർത്താവിന് നേരിട്ട് പണം അയക്കാവുന്നതാണ്.




അതേ ഫോണിൽ നിന്നുതന്നെയാണ് പണം അയക്കേണ്ടതെങ്കിൽ ക്യൂആർകോഡിന്റെ സ്ക്രീൻഷോട്ടെടുത്ത് ഫോണിന്റെ ഗാലറിയിൽ ആണോ അത് സൂക്ഷിച്ചിരിക്കുന്നതെന്ന് ഉറപ്പുവരുത്തുക. ഗൂഗ്ൾ പേ ആപ്പിൽ Scan any QR code എന്ന ഐക്കണിൽ അമർത്തിയാൽ ക്യൂആർ കോഡ് സ്കാൻ ചെയ്യാനുള്ള സ്ക്രീനിൽ വരുന്നു. അതിന്റെ താഴെ Upload from gallery എന്ന ഐക്കണിൽ തൊട്ട് ഗാലറിയിലുള്ള സ്ക്രീൻഷോട്ട് സെലക്ട് ചെയ്യുക. തുക ടൈപ്പ് ചെയ്ത് സാധാരണ മാതിരി പെയ്മെൻറ് നടത്താം.




സ്ക്രീൻഷോട്ടിനു പകരം ഇതേ കൃതിയോടൊപ്പം കൊടുക്കുന്ന ക്യൂആർകോഡിന്റെ ചിത്രം ഡൗൺലോഡ് ചെയ്യുകയും ആവാം.